"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് – **Business Policy and Process Re-engineering (BPPR) Cell** - മായി ബന്ധപ്പെട്ട വകുപ്പുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വകുപ്പുതല നോഡൽ ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ജനറൽ) വകുപ്പ്**

സ.ഉ.(സാധാ) നം.238/2026/P&ARD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:- ചീഫ് സെക്രട്ടറിയുടെ 03.08.2026 തീയതിയിലെ 25/CS/2026/CSO നമ്പർ കുറിപ്പ്.

**ഉത്തരവ്**

സർക്കാരിന്റെ ഭരണപരമായ ചട്ടങ്ങളും പ്രത്യേക ഭരണ, ധനകാര്യ മാനുവലുകളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും, ആധുനിക ഭരണ സംവിധാനത്തിലെ മികച്ച പ്രവർത്തനരീതികൾ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റ് ഓഫീസ് നടപടിക്രമങ്ങൾ, നിർദ്ദേശങ്ങൾ, പൊതുസംഭരണ തത്വങ്ങൾ, കരാറുകൾ തുടങ്ങിയവ കാലാനുസൃതമായി പുനഃപരിശോധിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ നിർദേശിക്കുന്നതിനുമായി പൊതുഭരണ വകുപ്പിൽ **Business Policy and Process Re-engineering (BPPR) Cell** രൂപീകരിച്ചിട്ടുള്ളതാണ്.

2. **BPPR Cell**-ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധനയ്ക്കായി നിർദേശിക്കുന്ന നിയമങ്ങൾ/ചട്ടങ്ങളുടെ നിലവിൽ പ്രാബല്യത്തിലുള്ളതും ആധികാരികവുമായ പകർപ്പുകൾ ബന്ധപ്പെട്ട വകുപ്പുകൾ/സെക്ഷനുകളിൽ നിന്നും ശേഖരിച്ച് പരിശോധനയ്ക്കും ആവശ്യമായ ഭേദഗതികൾ/മാറ്റങ്ങൾ നിർദേശിക്കുന്നതിനുമായി ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി ബന്ധപ്പെട്ട നിയമങ്ങൾ/ചട്ടങ്ങളുടെ വ്യക്തതയുള്ള **PDF** പകർപ്പിനോടൊപ്പം തിരുത്താവുന്ന **Word** പതിപ്പും ലഭ്യമാക്കേണ്ടതാണ്. **BPPR Cell**-ന്റെ ആവശ്യാനുസരണം വകുപ്പുമായി ബന്ധപ്പെട്ട നിലവിൽ പ്രാബല്യത്തിലുള്ള നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയുടെ ആധികാരിക പകർപ്പുകളും ആവശ്യമായ അനുബന്ധ വിവരങ്ങളും ലഭ്യമാക്കുന്നതിനും പ്രസ്തുത സെല്ലുമായി ബന്ധപ്പെട്ട വകുപ്പുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉദ്യോഗസ്ഥ-ഭരണപരിഷ്കാര റൂൾസ്-എ, ബി, പി.എസ്) വകുപ്പുകളുടെ ചുമതലയുള്ള അണ്ടർ സെക്രട്ടറി ശ്രീ.പ്രേംചന്ദ് സി.പി.,

(Mob:9847131913, Landline No:0471-2518929, premchand100888@gmail.com) -നെ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**V L BEENA**

ജോയിന്റ് സെക്രട്ടറി

ശ്രീ.പ്രേംചന്ദ് സി.പി, അണ്ടർ സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്
പൊതുഭരണ (SC) വകുപ്പ്
വിവര -പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Dhanya.K.S
Date: 21-08-2026
16:48:04

സെക്ഷൻ ഓഫീസർ

പകർപ്പ് - ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.